പതിനാലാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 769 — 24/01/2018 ൽ മറുപടിക്ക്

## കോലധാരികൾക്കും ആചാരസ്ഥാനികർക്കും പെൻഷൻ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.എം. രാജഗോപാലൻ | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും ടൂറിസവും ദേവസ്വവും വകുപ്പ് മന്ത്രി) |
| | | (എ) യും (ബി) യും |
| (എ) | കോലധാരികൾക്കും ആചാരസ്ഥാനികർക്കും നിലവിൽ എത്ര രൂപയാണ് പ്രതിമാസ പെൻഷനായി അനുവദിക്കുന്നതെന്ന് വ്യക്തമാക്കാമോ; മറ്റ് ക്ഷേമ പെൻഷനുകൾ 1000-ൽ അധികം രൂപയായി ഉയർത്തിയിട്ടും ഇവർക്കുള്ള പെൻഷൻ വർദ്ധിപ്പിച്ച് നൽകാൻ കഴിയാത്തതിന്റെ കാരണം വ്യക്തമാക്കാമോ; | ഉത്തരമലബാറിലെ ക്ഷേത്രങ്ങളുമായി ബന്ധപ്പെട്ട് ആചാരസ്ഥാനികർക്കും കോലധാരികൾക്കും നൽകി വരുന്ന പ്രതിമാസ ധനസഹായ പദ്ധതി പ്രകാരം ആചാരസ്ഥാനികർക്ക് 800 രൂപയും കോലധാരികൾക്ക് 700 രൂപയുമാണ് നൽകി വരുന്നത് .<br>പ്രസ്തുത ധനസഹായം കാലോചിതമായി പരിഷ്കരിക്കുന്നതിനും പുതിയ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനും അനർഹരെ ഒഴിവാക്കുന്നതിനും വ്യക്തമായ മാനദണ്ഡങ്ങൾ തയ്യാറാക്കി ലഭ്യമായ അപേക്ഷകളടക്കം പുനപരിശോധന നടത്തി 2018 മാർച്ച് 31 ന് മുമ്പ് പട്ടിക തയ്യാറാക്കി സർക്കാരിന് സമർപ്പിക്കാൻ മലബാർ ദേവസ്വം ബോർഡ് കമ്മീഷണർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട് . |
| (ബി) | പുതുതായി അപേക്ഷ നൽകിയ പ്രസ്തുത വിഭാഗക്കാർക്ക് എപ്പോൾ പെൻഷൻ നൽകാൻ കഴിയുമെന്നും പെൻഷൻ ലഭിക്കാനായി എത്ര അപേക്ഷകൾ നിലവിൽ ലഭിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ? | |

സെക്ഷൻ ഓഫീസർ